പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1043 — 12.07.2016-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് എത്ര കർഷക ആത്മഹത്യകൾ ഉണ്ടായി എന്നും അവരുടെ കുടുംബങ്ങൾക്ക് എന്തു സഹായം നൽകി എന്നും വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് 61 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 24 കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതവും 5 കുടുംബങ്ങൾക്ക് 50,000/- രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാർ, കാർഷിക കടങ്ങൾക്ക് മുൻ സർക്കാർ നൽകിയ മൊറട്ടോറിയം തുടർന്നുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) റവന്യൂ വകുപ്പാണ് കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചത് (ജി.ഒ.(എം.എസ്) നമ്പർ 57/13/റവ. തീയതി 15.02.2013 പ്രകാരം) ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക് വേഡ് ക്ലാസ് ഡവലപ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ കേരള സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. (ജി.ഒ.(എം.എസ്)നമ്പർ 224/14/റവ തീയതി 30.05.2014 പ്രകാരം മൊറട്ടോറിയം 15.02.2015 വരെ ദീർഘിപ്പിച്ച് ഉത്തരവായി |
| (സി) നെൽകൃഷിക്കാർക്ക് നൽകേണ്ട തുകകൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നൽകിയോ; ഇല്ലെങ്കിൽ എത്ര തുക നൽകുവാനുണ്ടെന്ന് വിശദമാക്കാമോ; | (സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നെൽകർഷകർക്ക് ലഭിക്കാനുള്ള തുക ചുവടെ ചേർക്കുന്നു.<br>1. 2015-16 വരെയുള്ള നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് - 756.56 ലക്ഷം രൂപ.<br>2. ആർ.കെ.വി.വൈ. 2015-16 ഉൽപാദനോപാദികൾക്കുള്ള സംബ്സിഡിയിനത്തിൽ 2605.331 ലക്ഷം രൂപ കുടിശ്ശികയുണ്ട്.<br>3. സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ 194.12 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. |

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കർഷകർക്കു നൽകിയ പലിശരഹിത വായ്പ തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ നൽകിയോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷമായി എത്ര തുക കർഷകർക്ക് പലിശരഹിത വായ്പയായി നൽകി എന്നു വ്യക്തമാക്കുമോ;

(ഡി) നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 258.46 കോടി രൂപ പലിശരഹിത വായ്പയായി സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്തിട്ടുണ്ട്.

(ഇ) എൽ.ഡി.എഫ്. സർക്കാരും യു.ഡി.എഫ്. സർക്കാരും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് നീക്കിവയ്ച്ച തുക നൽകിയത് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ;

(ഇ)

| കാലാവധി | സംസ്ഥാന പദ്ധതി വിഹിതത്തിൽ കാർഷിക-അനുബന്ധ മേഖലയ്ക്ക് നൽകിയ നീക്കി വയ്പ്. (%) |
|---|---|
| 2006-2007 മുതൽ 2010-11 വരെ | 5.75% |
| 2011-12 മുതൽ 2015-16 വരെ | 8.21% |

(എഫ്) യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോൾ റബ്ബർ വില എത്രയായിരുന്നു എന്നും അധികാരമൊഴിയുമ്പോൾ വില എത്ര എന്നും വ്യക്തമാക്കുമോ;

(എഫ്) റബ്ബർ ബോർഡിന്റെ കണക്ക് പ്രകാരം റബ്ബറിന്റെ വില (RSS-4) 2011 മേയ് മാസത്തിൽ കിലോയ്ക്ക് 225.23 രൂപയും 2016 മേയ് മാസത്തിൽ കിലോയ്ക്ക് 130.62 രൂപയുമാണ്.

(ജി) യു.ഡി.എഫ് സർക്കാർ കാലയളവിൽ ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ എത്ര എന്നും അവരുടെ കുടുംബത്തിന് എന്തു സഹായം നൽകി എന്നും വ്യക്തമാക്കുമോ?

(ജി) കോഴിക്കോട് ജില്ലയിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തിട്ടുണ്ട്. ടിയാൻ കാർഷികേതര കാരണങ്ങളാലാണ് ആത്മഹത്യ ചെയ്തത്.

**സെക്ഷൻ ഓഫീസർ**